**പതിനാലാം കേരള നിയമസഭ**
**ഒമ്പതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1527** | **31.01.2018 ൽ മറുപടിയ്ക്ക്**

# ജൈവകാർഷിക നയം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.എസ്.ശിവകുമാർ<br>ശ്രീ. പി.ടി. തോമസ്<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ. അനിൽ അക്കര | ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) സംസ്ഥാന സർക്കാരിന്റെ പുതിയ ജൈവകാർഷിക നയം രൂപീകരിച്ചിട്ടുണ്ടോ; | എ) 10/02/2010-ലെ സ.ഉ (പി) നമ്പർ 39/2010/കൃഷി ഉത്തരവ് പ്രകാരം സംസ്ഥാനത്ത് ജൈവ കാർഷിക നയം രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത നയമാണ് ഈ സർക്കാർ നടപ്പിലാക്കി വരുന്നത്. |
| ബി) പ്രസ്തുത നയത്തിൽ ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ഉതകുന്ന എന്തെല്ലാം കാര്യങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്; | ബി) പ്രസ്തുത നയത്തിൽ ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ഉതകുന്ന ചുവടെ വിവരിക്കുന്ന കാര്യങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.<br><br>1. കൃഷിയെ സുസ്ഥിരവും ലാഭകരവും മാന്യവുമായ ഒരു തൊഴിൽ സംസ്കാരമായി വളർത്തുക.<br><br>2. മണ്ണിന്റെ സഹജമായ പോഷക ഗുണങ്ങളും ഉൽപാദനക്ഷമതയും ഉയർത്തുക, ജലം - മണ്ണ് സംരക്ഷണം ഉറപ്പ് വരുത്തുക.<br><br>3. കാർഷിക ജൈവ സുരക്ഷിതത്വവും ഭക്ഷ്യ പോഷകഗുണ സുരക്ഷിതത്വവും ഉറപ്പാക്കുക, കർഷകരുടെ നിയന്ത്രണത്തിൽ ജൈവ കാർഷികകോൽപ്പന്നങ്ങളുടെ ആഭ്യന്തര വിപണി രൂപപ്പെടുത്തുകയും ഉറപ്പുവരുത്തുകയും ചെയ്യുക.<br><br>4. കാർഷിക രാസവസ്തുക്കളുടേയും മാരകമായ മറ്റ് ഉൽപ്പന്നങ്ങളുടെയും ഉപയോഗം ഒഴിവാക്കുക, രാസ, വിഷ മുക്തമായ വെള്ളം, മണ്ണ്, ഭക്ഷണം എന്നിവ ഉറപ്പാക്കുക, വായു, വിത്ത്, ഭക്ഷണം എന്നിവയുടെ പരമാധികാരം ഉറപ്പ് |

വരുത്തുക, ജൈവവൈവിധ്യാധിഷ്ഠിതമായ പരിസ്ഥിതി സൗഹൃദ കൃഷി പ്രോത്സാഹിപ്പിക്കുക.

5. കൃഷിക്കുപയോഗിക്കുന്ന വസ്തുക്കളുടെയും കാർഷിക വിളകളുടെയും ഗുണനിലവാരം ഉറപ്പാക്കുക, സുസ്ഥിരമായ കാർഷിക ഭക്ഷ്യവസ്തുക്കളും മറ്റ് ഉൽപ്പന്നങ്ങളും ലഭ്യമാക്കി മനുഷ്യന്റെ ആരോഗ്യ സംരക്ഷണം ഉറപ്പാക്കുക.

6. കൃഷിയുമായി ബന്ധപ്പെട്ട പാരമ്പര്യ അറിവുകൾ സംരക്ഷിക്കുകയും പ്രയോജനപ്പെടുത്തുകയും ചെയ്യുക എന്നിവയാണ് ജൈവകൃഷി നയത്തിന്റെ ലക്ഷ്യങ്ങൾ.

7. അനുയോജ്യമായ വിളകളും പ്രദേശങ്ങളും കേന്ദ്രീകരിച്ച്, കൃഷിയോഗ്യമായ മൊത്തം ഭൂമിയിൽ ഓരോ വർഷവും കുറഞ്ഞത് 10 ശതമാനം എന്ന തോതിൽ പൂർണ്ണമായും ജൈവകൃഷിയിലേക്ക് പരിവർത്തനം ചെയ്ത് ഘട്ടം ഘട്ടമായി അഞ്ചു വർഷം മുതൽ 10 വർഷം കൊണ്ട് കേരളത്തെ സമ്പൂർണ്ണ ജൈവകൃഷി സംസ്ഥാനമാക്കി മാറ്റുക.

സി) സംസ്ഥാനത്തെ കാർഷിക ഉൽപ്പന്നങ്ങൾക്ക് 'മെയ്ഡ് ഇൻ കേരള ബ്രാന്റ്' എന്ന നാമം കൊണ്ടു വന്നിട്ടുണ്ടോ; അതിലൂടെ കർഷകർക്കുണ്ടായിട്ടുള്ള നേട്ടം എന്തൊക്കെയാണ് എന്ന് അറിയിക്കുമോ?

സി) സംസ്ഥാനത്തെ കാർഷിക ഉൽപ്പന്നങ്ങൾക്ക് "മെയ്ഡ് ഇൻ കേരള ബ്രാൻറ്" എന്ന നാമം കൊണ്ടുവന്നിട്ടില്ല. എന്നാൽ "കേരള ഓർഗാനിക്" എന്ന പേരിൽ നല്ല കൃഷി മുറകൾ (ജി.എ.പി) പാലിച്ചുകൊണ്ട് ഉല്പാദിപ്പിക്കുന്ന പഴം, പച്ചക്കറി ഉല്പന്നങ്ങൾ പ്രത്യേകം പാക്ക് ചെയ്ത് "കേരള ഓർഗാനിക്" എന്ന ലേബലോടുകൂടി ജൈവകൃഷി പദ്ധതി പ്രകാരം പ്രവർത്തിക്കുന്ന ഇക്കോഷോപ്പുകൾ വഴി വിപണനം നടത്തുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**